പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6136 — 07.11.2016 ലെ മറുപടിയ്ക്ക്

**ജൈവവളങ്ങളുടേയും കീടനാശിനികളുടെയും ഗുണമേന്മ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ. കൃഷ്ണൻകുട്ടി<br>ശ്രീ.സി.കെ.നാണു<br>ശ്രീ.കോവൂർ കുഞ്ഞുമോൻ<br>ശ്രീ.തോമസ് ചാണ്ടി | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |

**എ)** കേരളത്തിൽ വിൽക്കപ്പെടുന്ന ജൈവ വളങ്ങളുടേയും, കീടനാശിനികളുടേയും ഗുണമേന്മ നിശ്ചയിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ;

**(എ)** സംസ്ഥാനത്ത് വളം ഉല്പാദനം, വിതരണം, വില്പന എന്നിവ നിയന്ത്രിക്കുന്നതിനായി ഫെർട്ടിലൈസർ കൺട്രോൾ ഓർഡർ (FCO) 1985 പ്രകാരവും കീടനാശിനികളുടെ ഉല്പാദനം, വിതരണം, വില്പന എന്നിവ നിയന്ത്രിക്കുന്നതിനായി ഇൻസെക്ടി സൈഡ്സ് ആക്റ്റ് 1968 പ്രകാരവും കൃഷി വകുപ്പ് ലൈസൻസിംഗ് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. രാസവളങ്ങളുടെ ഗുണമേന്മ പരിശോധനയ്ക്കായി രണ്ട് പരിശോധനാശാലകളും രാസകീടനാശിനികളുടെ പരിശോധനയ്ക്കായി ഒരു പരിശോധനാശാലയും കൃഷിവകുപ്പിന്റെ നിയന്ത്രണത്തിൽ സംസ്ഥാനത്ത് പ്രവർത്തിച്ച് വരുന്നു. ഫെർട്ടിലൈസർ കൺട്രോൾ ഓർഡർ (FCO) 1985 ൽ ഉൾപ്പെടുത്തിയിരിക്കുന്ന ജൈവവളങ്ങൾക്കും ഇൻസെക്ടിസൈഡ്സ് ആക്റ്റ് 1968 ഉൾക്കൊള്ളിച്ചിരിക്കുന്ന ജൈവ കീടനാശിനികൾക്കുമാണ് ഗുണനിലവാര പരിശോധനാ സംവിധാനവും ലൈസൻസിംഗ് സംവിധാനവും നിലവിലുള്ളത് കേന്ദ്രസർക്കാരിന്റെ നിയന്ത്രണത്തിൽ ബാംഗ്ലൂർ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന റീജിയണൽ സെന്റർ ഫോർ ഓർഗാനിക് ഫാമിംഗ് (RCOF) എന്ന സ്ഥാപനത്തെയാണ് ജൈവ വളങ്ങളുടേയും ജൈവകീടനാശിനികളുടേയും ഗുണനിലവാര പരിശോധനയ്ക്കായി ആശ്രയിക്കുന്നത്. പാലക്കാട് ജില്ലയിലെ പട്ടാമ്പിയിൽ ഒരു ജൈവ/ജീവാണുവള ഗുണനിലവാര പരിശോധനാശാല സ്ഥാപിക്കുന്നതിനുള്ള നടപടികൾ പൂർത്തികരിച്ചു വരുന്നു.

**ബി)** ഗുണമേന്മയില്ലാത്ത ജൈവ വളങ്ങളും കീടനാശിനികളും കർഷകർക്ക് വിൽപ്പന നടത്തി അവരെ വഞ്ചിതരാക്കുന്നവർക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചി

**(ബി)** സംസ്ഥാനത്ത് ജൈവ കൃഷിയ്ക്ക് പ്രചാരമേറിയതോടെ ജൈവ വളങ്ങളുടേയും ജൈവകീടനാശിനികളുടേയും ആവശ്യകത ക്രമമായി വർദ്ധിപ്പിക്കുകയും നിരവധി ഉല്പന്നങ്ങൾ വിപണിയിൽ വില്പനയ്ക്ക് എത്തുകയും ചെയ്യുന്നുണ്ട്. കേന്ദ്രസർക്കാരിന്റെ ഫെർട്ടിലൈസർ കൺട്രോൾ

ട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

ഓർഡർ (FCO) 1985 ൽ ഉൾപ്പെടുത്തിയിട്ടുള്ള ചുരുക്കം ചില ജൈവവളങ്ങളുടെ സാമ്പിളുകൾ മാത്രമാണ് ബാംഗ്ലൂരിലെ റീജിയണൽ സെന്റർ ഫോർ ഓർഗാനിക് ഫാമിംഗ് (RCOF) ന്റെ സഹായത്തോടെ ഇപ്പോൾ പരിശോധന നടത്തി വരുന്നത്. എന്നാൽ ഇത്തരം പരിശോധനകളിൽ നിന്നും ഗുണനിലവാരമില്ലാത്ത ജൈവവളങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. ജൈവ ജീവാണു വളങ്ങൾക്ക് ഫെർട്ടിലൈസർ കൺട്രോൾ ഓർഡർ (FCO) 1985 പ്രകാരം ഉല്പാദന വിതരണ വില്പന ലൈസൻസ് വേണമെന്ന നിബന്ധന കേന്ദ്രസർക്കാർ നീക്കം ചെയ്തിട്ടുണ്ട്. ജൈവകീടനാശിനികളിൽ ജീവാണു കീടനാശി നികൾ ഒഴികെയുള്ള മിക്ക സസ്യജന്യ കീടനാശിനികളും ഇൻസെക്റ്റിസൈഡ് ആക്ട് 1968 പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള തല്ലാത്തതിനാൽ അത്തരം കീടനാശിനികളുടെ വിതരണവും വില്പനയും നിയന്ത്രിക്കുവാനും ഗുണപരിശോധന ഉറപ്പാക്കാനും നിലവിൽ സംവിധാനമില്ല. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് സുരക്ഷിത ഭക്ഷ്യ ഉല്പാദനത്തിന് സമഗ്രമായ മാർഗ്ഗനിർദ്ദേശങ്ങൾ സമർപ്പിക്കു വാനായി സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്) നമ്പർ 110/16 അഗ്രി, തീയതി 24.06.2016 പ്രകാരം രൂപീകരിക്കപ്പെട്ടിട്ടുള്ള ഉന്നതതല സമിതി ഇക്കാര്യങ്ങൾ പരിശോധിച്ചു വരുന്നു. ഇതിൻ പ്രകാരം സംസ്ഥാനത്ത് വിറ്റഴിക്കുന്ന സസ്യജന്യ ജൈവ കീടനാശിനികളുടെ വിവരശേഖരം നടത്തുന്നതിനും സംസ്ഥാനത്തിന് പുറത്തുള്ള അംഗീകൃത ലാബോറട്ടറികളുടെ സഹായത്തോടെ ഇവയുടെ ഗുണ നിലവാര പരിശോധന നടത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

**(സി)** ജൈവകൃഷി ശാസ്ത്രീയമായി നടപ്പിലാക്കുന്നതിന് എന്തെങ്കിലും പാക്കേജ് ഓഫ് പ്രാക്ടീസ് കാർഷിക സർവ്വകലാശാല തയ്യാറാക്കിയിട്ടുണ്ടോ;

**(സി)** ഉണ്ട്.

**(ഡി)** നെല്ല്, വാഴ, പച്ചക്കറി, കുരുമുളക്, ഏലം എന്നീ വിളകളിൽ ജൈവ കൃഷി ലാഭകരമാണെന്ന് തെളിയിക്കാൻ കൃഷി വകുപ്പോ കാർഷിക സർവ്വകലാശാലയോ പരീക്ഷണങ്ങളോ പഠനങ്ങളോ നടത്തിയിട്ടുണ്ടോ: ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**(ഡി)** കൃഷിവകുപ്പ് പരീക്ഷണങ്ങളോ പഠനങ്ങളോ നടത്തിയിട്ടില്ല. കാർഷിക സർവ്വകലാശാല നടത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ